**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5232** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ റീസർവേ നടപടികൾ ആരംഭിച്ചത് എന്നാണെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും വ്യക്തമാക്കുമോ; | (എ) | “ എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്” എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയായ ഡിജിറ്റൽ സർവെ 2022 നവംബർ 1 ആണ് തുടക്കം കുറിച്ചിട്ടുള്ളത്. നാല് വർഷങ്ങൾ കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത നടപടികൾക്കായി നാളിതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ? | (ബി) | ഡിജിറ്റൽ സർവെ പദ്ധതിയ്ക്കായി 858 കോടി രൂപ എസ്റ്റിമേറ്റ് ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ടി പദ്ധതിയ്ക്ക് 438.46 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതിൽ 273.1 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ